500 കുതിരശക്തിയുള്ള എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളുടെ തൊഴിലാളികൾഅടക്കം കൊല്ലിവലകൾ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) റിംഗ്സിൻ വല കോരിയെടുക്കുന്നവയിൽ ആവശ്യമില്ലാത്തത് കടലിൽ തള്ളുന്നതിനാൽ, ചത്ത മീൻ തിന്നാനെത്തുന്ന കടൽമാക്രി, വല കടിച്ചു മുറിക്കുന്നതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വല നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് എന്ത പരിഹാരമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) താങ്ങുവള്ളത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾ താങ്ങുവലയാണ് ഉപയോഗിക്കുന്നത്. KMFR Act പ്രകാരം പ്രസ്തുത വലകൾ നിരോധിച്ചിട്ടില്ല.

(സി) കടൽമാക്രി വല കടിച്ച് നശിപ്പിക്കുന്നതായി പരാതി ലഭിക്കുകയും ഇതനുസരിച്ച് വല നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 22-6-2011-ലെ 65/11/മത്സ്യ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ അനുവദിക്കുകയും അതിൻപ്രകാരം 4,99,686 രൂപ വല നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

22 (*322) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ പൊതു ജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് സെക്ഷനുകളിൽ കയറിയിറങ്ങിയിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. സെക്രട്ടേറിയറ്റിൽ മൂന്ന് സന്ദർശക സഹായകേന്ദ്രം പ്രവർത്തനമാരംഭിക്കുകയും അതുവഴി പൊതുജനങ്ങളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ച് പരാതിക്കാരന് നമ്പർ നൽകുകയും പരാതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ ലഭ്യമായ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങൾ മനസ്സിലാക്കാൻ സന്ദർശകർക്ക് സഹായകമാകുന്നുണ്ട്. ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട സെക്ഷനുകളിൽനിന്നും പരാതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ ഫോൺ മുഖാന്തിരം ശേഖരിച്ച് നൽകുന്നതോടൊപ്പം ഉത്തരവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നു.

(ബി&സി) പൊതുജനങ്ങൾ കൊണ്ടുവരുന്ന പരാതികൾ നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും പരാതിയിന്മേലുള്ള നടപടി സംബന്ധിച്ച വിവരങ്ങൾ പരാതിക്കാർക്ക് ലഭ്യമാക്കാനും ഫ്രണ്ട് ഓഫീസ് സേവനം കൊണ്ട് ഉദ്ദേശിക്കുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങൾ

23 (*323) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കെ സദാശിവൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly